## ആറ്റിങ്ങൽ നഗരസഭ




## സവിശേഷതകൾ

- പൊതുമാലിന്യ സംസ്കരണ പ്ലാന്റ് കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ചു മുന്നോട്ടു പോകുന്നത്
- പൊതുസംവിധാനം പരാതികളില്ലാതെ മുന്നോട്ടു കൊണ്ടു പോകുന്നതിന് സർവ്വീസ് പ്രൊവൈഡർ

## ജൈവമാലിന്യ സംസ്കരണം

- പ്രതിദിനം 16 ടൺ മാലിന്യം ഉണ്ടാകുന്ന ആറ്റിങ്ങൽ നഗരസഭയിൽ 1200 കി.ഗ്രാം ബയോമെഥനേഷനിലൂടെയും 13 ടൺ വിൻഡ്രോ കമ്പോസ്റ്റിഗിലൂടെയും വെർമിയായി 500 കിലോയും സംസ്കരിച്ചു വരുന്നു.
- 2006- 07 ലാണ് പ്ലാന്റ് നിലവിൽ വന്നത്. നഗരസഭാ ജീവനക്കാർ 700 ഓളം സ്ഥാപനങ്ങളിൽ നിന്നും കുടുംബശ്രീക്കാർ 4300 ഓളം വീടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഈ പ്ലാന്റിൽ എത്തുന്നു.
- വിൻഡ്രോ കമ്പോസ്റ്റിംഗിലൂടെ നിർമ്മിക്കുന്ന വളം 10 കിലോ പായ്ക്കറ്റുകളിലാക്കി കിലോയ്ക്ക് 10 രൂപ നിരക്കിൽ കുടുംബശ്രീ വഴി വിറ്റുവരുന്നു.
- മാർക്കറ്റുകളിൽ നിന്നും ദിവസേന ഒന്നര ടണ്ണോളം മത്സ്യ, മാംസാവശിഷ്ടങ്ങൾ ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു.
- കൂടാതെ വിൻഡ്രോ കമ്പോസ്റ്റിങ്ങിലെ ലീച്ചേറ്റും ബയോഗ്യാസ് പ്ലാന്റിൽ എത്തുന്നു. വീടുകളിൽ നിന്നും ശേഖരിക്കുന്ന ഒരു ഭാഗം മാലിന്യവും മാർക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി മാലിന്യവും മണ്ണിര കമ്പോസ്റ്റാക്കാൻ ഉപയോഗിക്കുന്നു.
- മണ്ണിര കമ്പോസ്റ്റ് കിലോയ്ക്ക് 15 രൂപ നിരക്കിൽ കുടുംബശ്രീ പ്രവർത്തകർ വഴി വിൽക്കുന്നു. കാസർകോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് പ്ലാന്റ് കൈകാര്യം ചെയ്യുന്ന ഏജൻസി.





# അജൈവ മാലിന്യ സംസ്കരണം

- പ്ലാന്റിൽ വേർതിരിച്ചെടുക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യവും അല്ലാതെ ശേഖരിക്കുന്നവയും പ്ലാന്റിൽ സ്ഥാപിച്ചിരിക്കുന്ന ഷ്രെഡിംഗ് യൂണിറ്റിൽ പൊടിച്ചെടുക്കുകയും ക്ലീൻ കേരള കമ്പനിയ്ക്ക് കിലോയ്ക്ക് 15 രൂപ നിരക്കിൽ വിറ്റുവരുകയും ചെയ്യുന്നു.
- ആറ്റിങ്ങൽ നഗരസഭ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചിട്ടുണ്ട്. വ്യാപാരി വ്യവസായ സമൂഹത്തിൽ നിന്നും നഗരസഭയ്ക്ക് ഇക്കാര്യത്തിൽ പൂർണ്ണമായ സഹകരണം ലഭിച്ചിട്ടുണ്ട്.
- ഏതെങ്കിലും സ്ഥാപനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ സ്റ്റോക്ക് ഉണ്ടെങ്കിൽ വ്യാപാരി വ്യവസായി തന്നെ നഗരസഭയെ അറിയിക്കുകയും നഗരസഭ നടപടി കൈക്കൊള്ളുകയും ചെയ്യുന്നു.

